# പതിമൂന്നാം കേരള നിയമസഭ
# പന്ത്രണ്ടാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. **1649** **5/12/2014** ൽ മറുപടിയ്ക്ക്

## പച്ചക്കറികളിലെ കീടനാശിനി സാന്നിദ്ധ്യം കണ്ടെത്താൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.വി. ശ്രേയാംസ് കുമാർ<br>ഡോ. എൻ. ജയരാജ്<br>ശ്രീ. റോഷി അഗസ്റ്റിൻ<br>ശ്രീ. പി. സി ജോർജ്ജ് | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് വിപണികളിലെത്തുന്ന പച്ചക്കറികളിൽ കീടനാശിനി സാന്നിദ്ധ്യം കണ്ടെത്തിയിരിക്കുന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരള കാർഷിക സർവ്വകലാശാലയുടെ പെസ്റ്റിസൈഡ് റെസഡ്യൂ ടെസ്റ്റിംഗ് ലാബിൽ നടത്തിയ പരിശോധനയിൽ കറിവേപ്പില, പുതിനയില, ക്വാളിഫ്ളവർ, ചുവപ്പ് ചീര, പച്ചമുളക്, കാപ്സിക്കം, കാബേജ്, തക്കാളി, പയർ, എന്നിവയിൽ അമിതമായതോതിൽ കീടനാശിനിയുടെ അളവ് കണ്ടെത്തിയിട്ടുണ്ട്. |
| (ബി) ഇത്തരത്തിലുള്ള പച്ചക്കറികളുടെ വിപണനം നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) പച്ചക്കറികളിൽ കീടനാശിനിയുടെ ഉപയോഗം കണ്ടെത്തിയ സാഹചര്യത്തിൽ മുഖ്യമന്ത്രി ഒരു അടിയന്തിരയോഗം വിളിച്ചുകൂട്ടി. ഈ യോഗത്തിൽ എടുത്ത തീരുമാനങ്ങൾ അനുസരിച്ച് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് പച്ചക്കറികൾ നിയമപ്രകാരം ശേഖരിച്ച് അവ കാർഷിക സർവ്വകലാശാലയുടെ പെസ്റ്റിസൈഡ് റെസഡ്യൂ ടെസ്റ്റിംഗ് ലാബിൽ അയച്ച് പരിശോധന നടത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു. ഇവിടെ നിന്നും ലഭിക്കുന്ന പരിശോധനാ ഫലങ്ങളിൽ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരം കീടനാശിനികളുടെ അളവ് കൂടുതലാണെങ്കിൽ നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ചെക്ക് പോസ്റ്റുകളിൽ കൂടി അന്യസംസ്ഥാനങ്ങളിൽ നിന്നും കൊണ്ട് വരുന്ന പച്ചക്കറികളുടെ ഉറവിടം സെയിൽ ടാക്സ് വകുപ്പിന്റെ സഹായത്തോടുകൂടി കണ്ടെത്തി ആ വിവരം അതാതു സംസ്ഥാനങ്ങളിലെ ഭക്ഷ്യസുരക്ഷാ കമ്മീഷ്ണർ മാരുമായി ആലോചിച്ച് നടത്തുന്നതിനുള്ള നടപടികൾ |

ആരംഭിച്ചു കഴിഞ്ഞു. ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ് അതോറിറ്റി ഓഫ് ഇൻഡ്യയുടെ ആഭിമുഖ്യത്തിൽ ദക്ഷിണേൻഡ്യയിലുള്ള ഭക്ഷ്യസുരക്ഷാ കമ്മീഷ്ണറുടെ യോഗം വിളിക്കുവാനും പ്രശ്നം ചർച്ച ചെയ്യാനും തീരുമാനിച്ചിട്ടുണ്ട്.

(സി) പച്ചക്കറികളിലെ കീടനാശിനി അളവ് പരിശോധിക്കാൻ എന്തെല്ലാം സംവിധാനങ്ങളാണ് സംസ്ഥാനത്തെ ചെക്ക് പോസ്റ്റുകളിൽ ഏർപ്പെടുത്തുകയെന്ന് വ്യക്തമാക്കുമോ?

(സി) ചെക്ക് പോസ്റ്റുകളിൽ നിന്ന് സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ കീഴിലുള്ള ലാബുകളിൽ കീടനാശിനികൾ പരിശോധിക്കുന്നതിനുള്ള സംവിധാനങ്ങൾ ക്രമീകരിക്കുന്ന പ്രവർത്തനങ്ങൾ പൂർത്തിയാകുന്നതുവരെ കാർഷിക സർവ്വകലാശാലയുടെ പെസ്റ്റിസൈഡ് റെസഡ്യൂ ടെസ്റ്റിംഗ് ലാബിൽ അയച്ച് പരിശോധന നടത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ചെക്ക് പോസ്റ്റുകളിൽ കൂടി അന്യസംസ്ഥാനങ്ങളിൽ നിന്നും കൊണ്ട് വരുന്ന പച്ചക്കറികളുടെ ഉറവിടം സെയിൽ ടാക്സ് വകുപ്പിന്റെ സഹായത്തോടുകൂടി കണ്ടെത്തി ആ വിവരം അതാതു സംസ്ഥാനങ്ങളിലെ ഭക്ഷ്യസുരക്ഷാ കമ്മീഷ്ണർമാരുമായി ആലോചിച്ച് നടത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു.

**സെക്ഷൻ ഓഫീസർ**